## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2349 18.06.2014 - ൽ മറുപടിയ്ക്ക്

## അവയവദാനം

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) അവയവദാനം, കൈമാറ്റം എന്നിവക്ക് സന്നദ്ധതയുള്ളവരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി "മൃതസഞ്ജീവനി" പദ്ധതി വഴി ശില്പശാലകളും ബോധവത്കരണ ക്ലാസ്സുകളും സംസ്ഥാനത്തുടനീളം നടത്തിവരുന്നു. ഇതുവരെ 8 ശില്പശാലകളും 110 ബോധവത്കരണ ക്ലാസ്സുകളും നടത്തുകയുണ്ടായി. |
| (ബി) സംസ്ഥാനത്ത് അവയവ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) ചില മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) അവയവദാനം, കൈമാറ്റം എന്നിവക്ക് തയ്യാറാകുന്നവർക്ക് പ്രത്യേകമായി എന്തെങ്കിലും രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) ഉണ്ട്. മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്ക് അവരുടെ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിന് www.knos.org.in എന്ന പേരിൽ വെബ്സൈറ്റ് തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർക്ക് മൃതസഞ്ജീവനിയുടെ എല്ലാ സോണൽ ഓഫീസുകളിലും നേരിട്ട് സമ്മതപത്രം സമർപ്പിക്കാവുന്നതാണ്. |
| (ഡി) ഈ മേഖലയിലെ തട്ടിപ്പ് സാധ്യത ഇല്ലാതാക്കാൻ ഉപയുക്തമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുമോ? | (ഡി) അടുത്ത ബന്ധുക്കളിൽ നിന്നല്ലാത്ത അവയവ ദാന ശസ്ത്രക്രിയ നടത്തുന്നതിനുവേണ്ടി സർക്കാർ രൂപീകരിച്ച ആതറൈസേഷൻ കമ്മറ്റിയുടെ അനുവാദം ആവശ്യമാണ്. ഈ കമ്മറ്റി അവയവദാന ശസ്ത്രക്രിയയുടെ എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ